# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 1488.

14..12..2012-ൽ മറുപടിക്ക്

## കേരളത്തിലെ പാൽ ഉൽപാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നതിന്റെ വിശദാംശം അറിയിക്കുമോ; | (എ) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസനവകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നു.<br><br>1. മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം. (എം.എസ്.ഡി.പി.)<br><br>ഈ പദ്ധതി പ്രകാരം 2, 5, 10 പശുക്കൾ അടങ്ങുന്ന ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിനും കിടാരി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള കർഷകർക്ക് കറവയന്ത്രം, മറ്റ് ആവശ്യ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ധനസഹായം അനുവദിച്ചു വരുന്നു.<br><br>2. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നു.<br><br>3. ക്ഷീരകർഷകർ സംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു.<br><br>കൂടാതെ മിൽമ വഴി രണ്ട് കാലിത്തീറ്റ ഫാക്ടറികളിൽ നിന്നും ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ഉല്പാദനവും വിതരണവും, ഡയറി ഫാമുകൾ വികസിപ്പിക്കുന്നതിനുള്ള ധനസഹായം, കന്നുകുട്ടി പരിപാലന പരിപാടി, കാലിത്തീറ്റ സബ്സിഡി, അധിക പാൽവില നല്കൽ എന്നീ പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ലീൻ |

മിൽക്ക് പ്രൊഡക്ഷൻ, ഇടുക്കി പാക്കേജ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

ഇതു കൂടാതെ കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവമൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവമൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവ യന്ത്രവിതരണം, ക്ഷീര കർഷകർക്ക് അപകട ഇൻഷ്വറൻസ് പദ്ധതി, മരണാനന്തര ധന സഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവയും പാൽ ഉത്പ്പാദനം വർദ്ധിപ്പി ക്കുവാൻ ക്ഷീരകർഷകർക്ക് മിൽമയുടെ ഫണ്ടിൽ നിന്നും നൽകി വരുന്നു.

(ബി) ഇക്കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ സംസ്ഥാനത്തെ പാൽ ഉല്പാദന ത്തിന്റെ ആകെ അളവ് വാർഷിക ക്രമത്തിൽ ലഭ്യമാക്കുമോ?

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ പാൽ ഉല്പാദനത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | പാലുല്പാദനം (ലക്ഷം ടൺ) |
|---|---|
| 2007-08 | 22.47 |
| 2008-09 | 24 |
| 2009-10 | 25.85 |
| 2010-11 | 26.43 |
| 2011-12 | 29 |

സെക്ഷൻ ഓഫീസർ